നം.എച്ച്2/35637/14

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 03.09.2014

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം :- **പൊതുവിദ്യാഭ്യാസം - തസ്തിക നിർണയം 2014-15 - പ്രൊട്ടക്ടഡ്/റിട്രഞ്ച്ഡ് അധ്യാപകർക്ക് മാതൃവിദ്യാലയത്തിൽ പുനർനിയമനം നൽകുന്നത് സംബന്ധിച്ച്.**

സൂചന :-
1. 01.10.2011 ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി.വ.
2. 29.11.2013 ലെ ജി.ഒ.(പി) നമ്പർ 313/2013/പൊ.വി.വ.
3. 04.07.2014 ലെ ജി.ഒ.(പി) നമ്പർ 124/2013/പൊ.വി.വ.
4. ഈ ഓഫീസിൽ നിന്നുള്ള 10.07.2014 ലെ ഇതേ നമ്പർ സർക്കുലർ
5. 05.06.2012 ലെ ജി.ഒ.(എം.എസ്) നമ്പർ 177/2012/പൊ.വി.വ.
6. 26.08.2014 ലെ സർക്കാർ കത്ത് നമ്പർ 47002/ജെ2/14/പൊ.വി.വ.

2014-15 വർഷത്തെ തസ്തിക നിർണയം നടത്തുമ്പോൾ സ്കൂൾ മാനേജ്മെന്റിലെ പ്രൊട്ടക്ടഡ്/റിട്രഞ്ച്ഡ് അധ്യാപകരെ തിരിച്ചുവിളിക്കുന്നതിന് 1:35/1:30 അനുപാതത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കാമെന്നും പ്രസ്തുത അധ്യാപകരെ തിരിച്ചുവിളിച്ച് ഒഴിവ് നികത്തണമെന്നും സൂചന 4 ലെ സർക്കുലറിൽ വ്യക്തമായ നിർദേശങ്ങൾ നൽകിയിരുന്നതാണ്. ഇതനുസരിച്ച് എ.ഇ.ഒ/ഡി.ഇ.ഒ-മാർ തസ്തികകൾ സൃഷ്ടിച്ചുവെങ്കിലും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായും മറ്റും ജോലി നോക്കുന്ന റിട്രഞ്ച്ഡ് അധ്യാപകരെ മാതൃവിദ്യാലയത്തിലേക്ക് തിരിച്ചയക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി ആവശ്യമാണെന്ന് ചില വിദ്യാഭ്യാസ ഓഫീസർമാർ നിർബന്ധം പിടിക്കുന്നതായി ഡയറക്ടറേറ്റിൽ പരാതികൾ ലഭിക്കുന്നു.

1:35/1:30 അനുപാതത്തിൽ തസ്തിക സൃഷ്ടിച്ച് പ്രൊട്ടക്ടഡ്/റിട്രഞ്ച്ഡ് അധ്യാപകരെ മാതൃവിദ്യാലയത്തിൽ പുനർനിയമിക്കാൻ സൂചന 4 ലെ സർക്കുലറിൽ നിർദേശിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ഇനി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രത്യേകാനുമതി ആവശ്യമില്ലെന്നറിയിക്കുന്നു. ഇപ്രകാരം തസ്തികകൾ സൃഷ്ടിച്ചിട്ടുള്ള സ്കൂളുകളിലേക്ക് ബന്ധപ്പെട്ട അധ്യാപകരെ തിരിച്ചയക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ അടിയന്തര ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണ്. ഓണാവധി കഴിയുമ്പോൾ ഇത്തരം അധ്യാപകരെല്ലാം മാതൃവിദ്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട് എന്ന കാര്യം എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പുവരുത്തണം.

സൂചന 6 ലെ കത്ത് വഴി 2014-15 ലെ അധിക തസ്തികകൾ (1:45) യു.ഐ.ഡി പരിശോധന നടത്തി അനുവദിക്കാൻ സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. ഈ പരിശോധന ഡി.ഡി.ഇ/ഡി.ഇ.ഒ മാർ സെപ്തംബർ മാസത്തിൽതന്നെ പൂർത്തിയാക്കേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ ആവശ്യമെങ്കിൽ തസ്തികകൾ പുനർനിർണയം ചെയ്യേണ്ടതുമാണ്. ഇത്തരം വിദ്യാലയങ്ങളിലും പ്രൊട്ടക്ടഡ്/റിട്രഞ്ച്ഡ് അധ്യാപകർ തിരികെ വരുന്നതിനുണ്ടാകും. ഈ അധ്യാപകരുള്ള വിദ്യാലയങ്ങളിലെ ഉന്നതതല പരിശോധന ഏറ്റവും വേഗത്തിൽ പൂർത്തിയാക്കി അവരെ മാതൃവിദ്യാലയത്തിൽ തിരിച്ചെത്തിക്കുന്നതിന് (തസ്തിക ലഭ്യമാകുമെങ്കിൽ) വിദ്യാഭ്യാസ ഓഫീസർമാർ പ്രഥമ പരിഗണന നൽകണം.

വിശ്വസ്തതയോടെ,

എൽ.രാജൻ
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**
**(ജനറൽ)**